©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7 Vol. VII | തിരുവനന്തപുരം, തിങ്കൾ Thiruvananthapuram, Monday | 2018 ഏപ്രിൽ 30 30th April 2018 / 1193 മേടം 17 17th Medam 1193 / 1940 വൈശാഖം 10 10th Vaisakha 1940 | നമ്പർ No. | 1154 |

## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 33/2018/ത.സ്വ.ഭ.വ. *തിരുവനന്തപുരം,* *2018 ഏപ്രിൽ 24* *1193 മേടം 11.*

**എസ്. ആർ. ഒ. നമ്പർ 263/2018.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും, പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'പുറമ്പോക്ക് വഴി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി പ്രസ്തുത ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഇതിനാൽ ഒഴിവാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.
33/1690/2018/S-2.

## പട്ടിക

| | | |
|---|---|---|
| ജില്ല | .. | കാസർഗോഡ് |
| താലൂക്ക് | .. | ഹോസ്ദുർഗ്ഗ് |
| വില്ലേജ് | .. | പിലിക്കോട് |
| പഞ്ചായത്ത് | .. | പിലിക്കോട് |
| റീ-സർവ്വേ നമ്പർ | .. | 115/3 ബി |
| വിസ്തീർണ്ണം | .. | 0.05 ഏക്കർ (2.02 ആർ) |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | .. | റീ-സർവ്വേ നമ്പർ 115/3 ബി പുറമ്പോക്ക് സ്ഥലം |
| തെക്ക് | .. | റീ-സർവ്വേ നമ്പർ 115/3 ബി പുറമ്പോക്ക് സ്ഥലം |
| കിഴക്ക് | .. | റീ-സർവ്വേ നമ്പർ 115/3 ബി പുറമ്പോക്ക് സ്ഥലം |
| പടിഞ്ഞാറ് | .. | റീ-സർവ്വേ നമ്പർ 114/pt. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ബി. അശോക്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'പുറമ്പോക്ക് വഴി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പിലിക്കോട് വില്ലേജ് റീ-സർവ്വേ നമ്പർ 115/3 ബി-യിൽപ്പെട്ട 0.05 ഏക്കർ (2.02 ആർ) ഭൂമി ശ്രീമതി ഓമന എന്നവർക്ക് പതിച്ചുനൽകുന്നതിനായി ടി ആക്റ്റിലെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.